# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2425 — 08/12/2015-ൽ മറുപടിയ്ക്ക്

### ഗോത്ര സാരഥി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>" ഐ. സി. ബാലകൃഷ്ണൻ<br>" സി. പി. മുഹമ്മദ്<br>" സണ്ണി ജോസഫ് : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗോത്ര സാരഥി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ദുർഘടവും, പൊതു ഗതാഗതസൗകര്യമില്ലാത്തതും, വന്യമൃഗഭീഷണി ഉള്ളതുമായ വനമേഖലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിലെ പട്ടികവർഗ്ഗവിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിഭാവന ചെയ്യുന്ന പദ്ധതിയാണ് ഗോത്ര സാരഥി. യാത്രാ സൗകര്യത്തിന്റെ അഭാവം മൂലം ഉണ്ടാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ഒഴിവാക്കുക എന്നതും അതുവഴി ടി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുകയാണ് ടി പദ്ധതിയുടെ പ്രധാന |

| | | | |
|---|---|---|---|
| | | | ലക്ഷ്യം. ടി പദ്ധതി നടപ്പിലാക്കിയശേഷം കുട്ടികളുടെ ഹാജർ നില മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പ്രാക്തന ഗോത്രവർഗ്ഗ കോളനികളിൽ നിന്നുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് പ്രഥമ പരിഗണന, കോളനികളിൽ നിന്നും കുട്ടികൾ സ്കൂളിലേയ്ക്ക് എത്തേണ്ട ദൂരത്തിന്റെ ദൈർഘ്യം / ദുർഘടത, ട്രൈബൽ സ്കൂളുകൾ / സർക്കാർ സ്കൂളുകൾ / എയ്ഡഡ് സ്കൂളുകൾ എന്നീ മുൻഗണനാ ക്രമം നിശ്ചയിച്ച് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ശുപാർശയോടെ സ്കൂളുകൾ തെരഞ്ഞെടുത്ത് വിവിധ പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, സ്കൂൾ അധികാരികൾ മുഖേന ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ